കീഴിലുള്ള ബാലവികലാംഗ സദനങ്ങൾ, ആലപ്പുഴ, ഇടുക്കി പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ വൃദ്ധ സദനങ്ങൾ, മഞ്ചേരിയിലെ കസ്റ്റോഡിയൽ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, കോഴിക്കോട്ടുള്ള വികലാംഗ സദനം എന്നീ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുണ്ട്. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ ഭവനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് എന്നീ ചുമതലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

12 (*128) കയർ മേഖല അഭിവൃദ്ധിപ്പെടുത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.പി. ബാഹുൻ വൈദ്യർ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർമേഖലയെ അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചുകഴിഞ്ഞതെന്നു വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി എത്രപേർക്ക് പുതുതായി തൊഴിൽ നൽകി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ തൊഴിലാളികൾക്ക് കൂലി വർദ്ധനവ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഡി) കയറിന്റെ തറവില എടുത്തു കളയാൻ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിവുണ്ടോ;

(ഇ) സംസ്ഥാനത്തെ ചെറുകിട കയർ ഉല്പാദകരെ അതു ദോഷകരമായി ബാധിക്കുമെന്നതിനാൽ കേന്ദ്രസർക്കാരിനെ ഈ ഉദ്യമത്തിൽനിന്നും പിന്തിരിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർമേഖലയെ അഭിവൃദ്ധിപ്പെടുത്താൻ ഈ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

(ബി) കണക്കാക്കിയിട്ടുണ്ട്. 10,596 പേർക്ക് കൂടുതലായി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1997-ൽ 10 രൂപയും 1999-ൽ 11 രൂപയും വീതം കയർ തൊഴിലാളികൾക്ക് കൂലി വർദ്ധനവ് നൽകിയിട്ടുണ്ട്.

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കയർ വ്യവസായത്തിൽ മിനിമം എക്സ്പോർട്ട് പ്രൈസ് (എം. ഇ.പി) ഘട്ടം ഘട്ടമായി നിർത്തലാക്കണമെന്ന ശുപാർശ കേന്ദ്രസർക്കാർ പരി ശോധിക്കുന്നുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇതുവരെ ഇക്കാര്യത്തിൽ തീരുമാനമെടുത്തതായി അറിയില്ല.

(ഇ) കയറിന്റെ മിനിമം എക്സ്പോർട്ട് പ്രൈസ് നിലനിർത്തിക്കേണ്ട തുണ്ടോയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കയർബോർഡ് ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് റിസർച്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ റിപ്പോർട്ടിൽ എം.ഇ.പി. ഘട്ടംഘട്ടമായി നിർത്തലാക്കണം എന്നാണ് ശുപാർശ ചെയ്തി ട്ടുള്ളത്. എന്നാൽ എം.ഇ.പി. നിലനിർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

13 (*129) ജനകീയാസൂത്രണ പദ്ധതിയുടെ ഭൗതിക നേട്ടം വിലയിരുത്തൽ

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നടപ്പിൽ വന്നതിനുശേഷമുള്ള ഭൗതിക നേട്ടം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ വിശദമായ വിലയിരുത്തൽ എപ്പോഴുണ്ടാ കുമെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് ചെലവഴിക്കുന്ന പണം കുറ്റമറ്റരീതിയിൽ തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഇപ്പോൾ ഏർപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തന ങ്ങൾ പ്രത്യേകിച്ചും കൃഷി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടെയുള്ളവരുടെ മോണി റ്ററിംഗ് ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഇ) മോണിറ്റിംഗ് നടത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വകു പ്പുകൾക്കുകൂടി നൽകുന്നകാര്യം പരിഗണിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, ധനകാര്യ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റേയും പരി ശോധന എന്നിവ മുഖേന ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് ചെലവഴി ക്കുന്ന പണം കുറ്റമറ്റരീതിയിൽതന്നെയാണ് വിനിയോഗിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നു. കൂടാതെ ട്രൈബ്യൂണലുകളും 'ഓംബുഡ്സ്മാനും' ഏർപ്പെടു ത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly